*Celebrating Extraordinary Missionary Month October 2019…*

**Saturday, 12 October 2019**

ഏലിയാ സ്ലീവാ മൂശാകാലം അഞ്ചാം ശനി

Jn 4:43-54

രാജസേവകന്റെ മകനെ സുഖപ്പെടുത്തുന്നു

Fr. Winson Moyalan CMI

ഇന്ന് നാം വായിച്ചു കേട്ടത് രാജസേവകന്റെ മകനെ യേശു സുഖപ്പെടുത്തുന്ന സുവിശേഷഭാഗമാണ്. അതുകൊണ്ടാണ് യോഹന്നാന്റെ സുവിശേഷത്തെ "ജീവന്റെ സുവിശേഷ" മെന്ന് വിളിക്കുന്നത്.

"നിന്റെ മകൻ ജീവിക്കും" എന്ന യേശുവചനം വിശ്വസിച്ച് അവൻ തിരിച്ചുപോയി എന്നാണ് ഇന്നത്തെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നത്. "ഞാനാണ് വഴിയും സത്യവും ജീവനും" (14:6) . ഈശോയാണ് ജീവദാതാവ് എന്നും, ഈശോയിലുള്ള വിശ്വാസമാണ് ജീവന്റെ പൂർണ്ണതയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യതയെന്നും രാജസേവകൻ പ്രദർശിപ്പിച്ച അചഞ്ചലമായ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു.

ദൈവവചനമാണ് അവിടുത്തെ സാന്നിദ്ധ്യത്തിന്റേയും സ്നേഹത്തിന്റേയും ശക്തിയുടേയും ജീവന്റേയും അടിസ്ഥാനം.

"ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്" (Heb 4:12). ദൈവവചനത്തെ വിശ്വാസത്തോടെ സമീപിക്കുന്നവരുടെ ചേതനയിലും ആത്മാവിലും സന്ധി ബന്ധങ്ങളിലും മജ്ജയിലും അത് നിറഞ്ഞു തുളുമ്പും.

ഇങ്ങനെ ദൈവവചനത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ കവിഞ്ഞൊഴുകലാണ് ഒരുവനെ വചനപ്രഘോഷണത്തിന് യോഗ്യനാക്കുന്നത്.

*Published by*

CMI General Department of Evangelization and Pastoral Ministry